## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ —ജീവനക്കാര്യം —ഒന്നാം ഗ്രേഡ് ആശുപത്രി അറ്റന്റർമാരുടെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് —ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 31/08/2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. 16/09/2019 —ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3-17125/2019 നമ്പർ കത്ത്.
3. 20/09/2019 —ലെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3-3454/19 നമ്പർ കത്ത്.
4. 26/08/2019 —ലെ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3-14130/2019 നമ്പർ കത്ത്.

**ഉത്തരവ് നം. ഇ.എഫ്.3-24056/2019/ആ.വ.ഡ., തീയതി : 13/01/2020.**

പരാമർശം (1) പ്രകാരമുള്ള ഒന്നാം ഗ്രേഡ് ഹോസ്പിറ്റൽ അറ്റന്റർമാരുടെ സ്ഥലംമാറ്റ ഉത്തരവിൽ ക്രമ നമ്പർ 10 ആയി ഉൾപ്പെട്ടിരുന്ന കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 1 ആയ ശ്രീ. സുരേഷ് എം., 07/08/2019 —ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3-13821/2016 നമ്പർ ഉത്തരവ് പ്രകാരം നേഴ്സിംഗ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ പരാമർശം (1) —ലെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവിൽ നിന്ന് ടിയാളെ ഒഴിവാക്കുന്നു.

ക്രമ നം. (5) -ൽ ഉൾപ്പെട്ട തിരുവനന്തപുരം, ജനറൽ ആശുപത്രിയിലെ ആനന്ദവല്ലി സി. —യെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിൽ നിന്നും ഒഴിവാക്കിയും പകരം ആലപ്പുഴ, നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 1 ആയ ശ്രീമതി ഗിരിജ കുമാരി എം. —നെ ഉൾപ്പെടുത്തിയും പരാമർശം (1) —ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരിക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള നിയമന ഉത്തരവ് ലഭ്യമായതിനു ശേഷം മാത്രം ജീവനക്കാരിയെ ഓഫീസ് മേധാവി വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്ത തീയതി, തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ബി. എസ്. ബിജു ഭാസ്കർ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:
ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ്:-
1. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം/ആലപ്പുഴ/കൊല്ലം/കണ്ണൂർ/കോഴിക്കോട്.
2. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-13/11